**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4437** **26.06.2014- ൽ മറുപടിക്ക്**

**തിരുവനന്തപുരം ജില്ലയിൽ ഭരണാനുമതി ലഭിച്ച മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി 2013 ൽ തിരുവനന്തപുരം ജില്ലയിൽ എത്ര മൈനർ ഇറിഗേഷൻ വർക്കുകൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2013 ൽ തിരുവനന്തപുരം ജില്ലയിൽ 17 മൈനർ ഇറിഗേഷൻ വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ പൂർത്തീകരിച്ച വർക്കുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ബി) | പൂർത്തീകരിച്ച വർക്കുകൾ ചുവടെ ചേർക്കുന്നു.<br><br>1. കിഴുവിലം പഞ്ചായത്തിലെ മാമം നദിക്ക് കുറുകെ കൂന്തള്ളൂരിൽ തടയണ നിർമ്മാണം<br>2. മുദാക്കൽ പഞ്ചായത്തിലെ മാമം നദിക്ക് കുറുകെ ചെമ്പൂരിൽ തടയണ നിർമ്മാണം<br>3. കിഴുവിലം പഞ്ചായത്തിലെ നാരങ്ങവട്ടം തോടിനു കുറുകെ മുടപുരത്ത് തടയണ നിർമ്മാണം<br>4. മുദാക്കൽ പഞ്ചായത്തിലെ കല്ലുംമൂട് ചിറയുടെ പുനരുദ്ധാരണവും അനുബന്ധ പ്രവൃത്തികളും<br>5. കിഴുവിലം പഞ്ചായത്തിൽ കണ്ടുകൃഷി കുളത്തിന്റെ പുനരുദ്ധാരണവും അനുബന്ധ പ്രവൃത്തികളും<br>6. കടയ്ക്കാവൂർ പഞ്ചായത്തിലെ ചിറകോണം കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>7. മുദാക്കൽ പഞ്ചായത്തിലെ പേരാൽ ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ<br><br>8. അഴൂർ പഞ്ചായത്തിലെ പാലയ്ക്കൽ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>9. മുദാക്കൽ പഞ്ചായത്തിലെ ഇളമ്പ തോടിനു കുറുകെ തടയണ നിർമ്മാണം<br>10. കിഴുവിലം പഞ്ചായത്തിലെ മേൽക്കോണം ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ |
| (സി) | ഭാഗികമായി പൂർത്തീകരിച്ച വർക്കുകൾ/എഗ്രിമെന്റ് വച്ച വർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഭാഗികമായി പൂർത്തീകരിച്ച/എഗ്രിമെന്റ് വച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. കിഴുവിലം പഞ്ചായത്തിലെ മാമം നദിയിൽ ആറാട്ടുകോണം വി.സി.ബി യുടെ അറ്റകുറ്റ പണികൾ<br>2. കിഴുവിലം പഞ്ചായത്തിലെ പിഞ്ചചിറയിൽ |

| | | | |
|---|---|---|---|
| | | | തടയണ നിർമ്മാണം<br>3. മുദാക്കൽ പഞ്ചായത്തിലെ മാമം നദിയിൽ കൊട്ടിയോട് തടയണ നിർമ്മാണം<br>4. മുദാക്കൽ പഞ്ചായത്തിലെ മാമം നദിയിൽ ചന്നൂർക്കോണം കടവ് തടയണ നിർമ്മാണം<br>5. ചിറയിൻകീഴ് പഞ്ചായത്തിലെ താമര ക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>6. അഞ്ചുതെങ്ങ് പഞ്ചായത്തിലെ വക്കൻ കുളത്തിന്റെ പുനരുദ്ധാരണവും അനുബന്ധ പ്രവൃത്തികളും<br>7. കിഴുവിലം പഞ്ചായത്തിലെ വാളകം കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>ഭരണാനുമതി ലഭിച്ച വർക്കുകൾക്ക് 31.12.2013 വരെ പൂർത്തീകരിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നിട്ടും പൂർത്തിയാക്കാത്തവ സ്വമേധയാ റദ്ദായിട്ടുണ്ട്. |
| (ഡി) | ഭരണാനുമതി നൽകിയ വർക്കുകൾ എന്ന് പൂർത്തീകരിക്കുമെന്ന് പറയാമോ? | (ഡി) | ഭരണാനുമതി ലഭിച്ച വർക്കുകൾക്ക് 31.12.2013 വരെ പൂർത്തീകരിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നിട്ടും പൂർത്തിയാക്കാത്തവ സ്വമേധയാ റദ്ദായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ